പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :602 03.03.2020-ൽ മറുപടിക്ക്

# സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജനറൽ ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് സഹകരണ ബാങ്കുകൾ വകുപ്പിൽ നിന്നും മുൻകൂർ അനുമതി എടുക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ ചട്ടം 54(1) പ്രകാരം മുൻകൂർ അനുമതി ആവശ്യമാണ്. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള മുൻകൂർ അനുമതി ഇല്ലാതെയുള്ള പ്രവൃത്തികൾ നടത്തുന്ന സഹകരണ ബാങ്കുകൾക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ; | (ബി) | കേരള സഹകരണ സംഘം നിയമത്തിൽ മുൻകൂർ അനുമതിയില്ലാതെ പ്രവർത്തികൾ നടത്തുന്ന സഹകരണ ബാങ്കുകൾക്കെതിരെ സഹകരണ നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എറണാകുളം ജില്ലയിലെ ഏതെങ്കിലും സഹകരണ ബാങ്കുകൾ ഇത്തരത്തിൽ മുൻകൂർ അനുമതിയില്ലാതെ ജനറൽ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ ആയവന അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം ഇ 1214, വാഴക്കുളം എസ്.സി.ബി. ക്ലിപ്തം 751, കാക്കൂർ എസ്.സി.ബി. ക്ലിപ്തം 163, മൂവാറ്റുപുഴ താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം ഇ 978, കൂത്താട്ടുകുളം മെർച്ചന്റ്സ് വെൽഫയർ സഹകരണ സംഘം ക്ലിപ്തം ഇ 1300, മൂവാറ്റുപുഴ പ്രാഥമിക കാർഷിക വികസന ബാങ്ക് ക്ലിപ്തം 4389, കൂത്താട്ടുകുളം ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം ഇ.45, രാമമംഗലം എസ്.സി.ബി. ക്ലിപ്തം 2156, കുന്നത്തുനാട് താലൂക്കിലെ ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |

| | | | |
|---|---|---|---|
| | | | നമ്പർ ഇ.172, എന്നീ ബാങ്കുകൾ മുൻകൂർ അനുമതി ഇല്ലാതെ ജനറൽ ഫണ്ട് വിനിയോഗിച്ച പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുള്ളതാണ്. ടി സംഘങ്ങൾ മുൻ അനുമതി ഇല്ലാതെയാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എങ്കിലും പിന്നീട് അനുവാദത്തിനായി അപേക്ഷ സമർപ്പിക്കുകയും ആയതിൽ തുടർ നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചു വരികയുമാണ്.<br><br>എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ പോത്താനിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3510 ൽ മുൻകൂർ അനുമതിയില്ലാതെ ജനറൽ ഫണ്ട് വിനിയോഗിച്ചതിനെതിരെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർ നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചു വരുകയുമാണ്.<br><br>എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പൂതൃക്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 344, വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ സ്ഥലം വാങ്ങിയിട്ടുള്ളതാണ്. സംഘം പിന്നീട് വകുപ്പിന്റെ അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥരിൽ ഒരാൾ സംഘം പ്രസിഡന്റ് ആയതിനാൽ ടിയാനെ ചട്ടം 44(3) പ്രകാരം അയോഗ്യനാക്കിക്കൊണ്ടും നടപടി ക്രമങ്ങൾ പാലിക്കാതെ ജനറൽ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിൽ ഭരണ സമിതിയ്ക്ക് കൂട്ടു ഉത്തരവാദിത്വം ഉള്ളതിനാൽ ടി തുക ഭരണസമിതി അംഗങ്ങളിൽനിന്നും ഈടാക്കേണ്ടതാണെന്നും കാണിച്ച് ജോയിന്റ് രജിസ്ട്രാർ ഉത്തരവായിട്ടുള്ള |

| | | | |
|---|---|---|---|
| | | | താണ്.<br><br>പ്രസിഡന്റിനെ അയോഗ്യനാക്കിയ നടപടിയ്ക്കെതിരെ ടിയാൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചെങ്കിലും ജോയിന്റ് രജിസ്ട്രാറുടെ നടപടി ശരിവെച്ചുകൊണ്ടു ടിയാന്റെ അപ്പീൽ നിരസിക്കുകയും ചെയ്തു. അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളതാണ്.<br><br>എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ കിഴക്കമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ.83, വകുപ്പിന്റെ മുൻകൂർ അനുമതി യില്ലാതെ സ്ഥലം വാങ്ങിയിട്ടുള്ളതാണ്. പിന്നീട് വകുപ്പിന്റെ അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ